I/6024/2022

15 YEARS OF CELEBRATING THE MAHATMA

Break the chain

**സംയോജിത ശിശു സംരക്ഷണ പദ്ധതി,**

**കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി. IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം. DWCD/3448/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 26-09-2022

---

വിഷയം: വനിത ശിശു വികസന വകുപ്പ്- ICPS – QSSS - 'അഞ്ജനം' പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമിന് 2021 - 22 സാമ്പത്തിക വർഷത്തെ ഗ്രാൻറ് തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം : 1 . കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 25/07/2022ലെ DCPU/KLM/1522/22 നമ്പർ കത്ത്

2. കേന്ദ്ര സർക്കാർ ഉത്തരവ് നമ്പർ F. No.CW-II-22/30/2015-CW-II തീയതി 31/03/2022

കേന്ദ്ര വനിത ശിശു വികസന മന്ത്രാലയവും സംസ്ഥാന വനിത ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. 2021 - 22 സാമ്പത്തിക വർഷം സന്നദ്ധ സംഘടനകൾ നടത്തി വരുന്ന ചിൽഡ്രൻസ് ഹോമുകൾക്ക് നൽകുന്ന ഗ്രാൻറ് ലഭിക്കുന്നതിനായി ക്വയിലോൺ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന "അഞ്ജനം" ചിൽഡ്രൻസ് ഹോം അപേക്ഷ സമർപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ സ്ഥാപനത്തിൻെറ പ്രവർത്തനം വിലയിരുത്തി കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ 2 021-22സാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾക്കായി "അഞ്ജനം" ചിൽഡ്രൻസ് ഹോമിന് 21,47,086/-രൂപ അനുവദിക്കാവുന്നതാണ് എന്ന് കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന "അഞ്ജനം" ചിൽഡ്രൻസ് ഹോമിന് പരാമർശം (2) പ്രകാരം കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാറിൻെറ ഗ്രാൻറ് ഇൻ എയ്ഡ് മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ആകെ 22,34,490/-രൂപ സ്ഥാപനം ചെലവഴിച്ചതായി

കാണുന്നു.ആകയാൽ അഞ്ജനം ചിൽഡ്രൻസ് ഹോമിന് അനുവദനീയമായ 22,34,490/-രൂപ യുടെ 10% NGO വിഹിതമായ 2,23,449/- രൂപ കുറവ് ചെയ്തു ആകെ 20,11,041/ - രൂപടെ ചേർക്കും പ്രകാരം അനുവദിക്കേണ്ടതുണ്ട്.

| Sl.No | Items | As per Guideline | Amount Utilised as per UC | DCPU ശുപാർശ ചെയ്ത തുക | Admissible Amount | Remarks |
|---|---|---|---|---|---|---|
| | **Non Recurring Expense** | | | | | |
| 1 | Maintenance | 12,00,000 | 4,77,938 | 4,79,100 | 4,77,938 | |
| 2 | Rent | 4,20,000 | 4,50,000 | 4,50,000 | 3,00,000 | As per Rent Agreement |
| 3 | Water & Electricity | 1,20,000 | 47,432 | 47,432 | 47,432 | |
| 4 | Salary to Staff | 14,94,000 | 13,55,452 | 13,55,452 | 13,55,452 | |
| 5 | Transportation Charges | 80,000 | 32,076 | 32,076 | 32,076 | |
| 6 | Miscellaneous | 60,000 | 9,927 | 1610 | 1610 | |
| 7 | Contigencies | 2,00,000 | 22,722 | 19,982 | 19,982 | |
| | Total | | | | 22,34,490 | |
| | Less: 10%NGO Share | | | | 2,23,449 | |
| | Grant Total | | | | 20,11,041 | |

ഈ സാഹചര്യത്തിൽ ക്വയിലോൺ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന "അഞ്ജനം" ചിൽഡ്രൻസ് ഹോമിന് 2020-21 സാമ്പത്തിക വർഷത്തെ ഗ്രാൻറ് ഇനത്തിൽ **20,11,041/-രൂപ (ഇരുപത് ലക്ഷത്തി പതിനൊന്നായിരത്തി നാല്പത്തി ഒന്ന് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

20,11,041/-രൂപ **(ഇരുപത് ലക്ഷത്തി പതിനൊന്നായിരത്തി നാല്പത്തി ഒന്ന് രൂപ മാത്രം)** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിൻെറ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ൻെറ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാ വനിത ശിശു വികസന ഓഫീസറുടെ സബ്സിഡിയറി അക്കൗണ്ടിലേക്കും, വനിത ശിശു വികസന ഓഫീസർ തുക മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡിയറി അക്കൗണ്ടിലേക്കും അനുവദിക്കേണ്ടതാണ്. ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക അഞ്ജനം ചിൽഡ്രൻസ് ഹോമിൻെറ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, സ്ഥാപനത്തിൽ നിന്നും കൈപ്പറ്റുരസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, യൂട്ടിലൈസേഷൻ

341/2022

സർട്ടിഫിക്കേറ്റ്, ഓഡിറ്റ് സ്റ്റേറ്റ്മെൻറ്, വാർഷിക റിപ്പോർട്ട് എന്നിവ വാങ്ങി യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

. കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ

<u>പകർപ്പ് :</u>

1. സൂപ്രണ്ട് A സെക്ഷൻ (PFMS)
2. കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസർ
3. ഡയറക്ടർ, അഞ്ജനം ചിൽഡ്രൻസ് ഹോം
4. ICPS - 10
5. സ്റ്റോക്ക് ഫയൽ
6. വെബ് സൈറ്റ്

Signed by Priyanka G
Date: 26-09-2022 01:32:36

Sent on 26/9/22